<u>സബ്മിഷൻ</u>

1. <u>മാലിന്യ സംസ്കരണ പ്ലാന്റിൽനിന്നുള്ള മലിനീകരണം</u>

<u>ശ്രീ. സി. കൃഷ്ണൻ:</u> സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട രാമന്തളി പഞ്ചായത്തിലാണ് ഏഴിമല നാവിക അക്കാദമി സ്ഥിതിചെയ്യുന്നത്. നാവിക അക്കാദമിക്കുവേണ്ടി ജനവാസ കേന്ദ്രത്തിന് സമീപം സ്ഥാപിച്ച മാലിന്യ പ്ലാന്റിൽനിന്നും മലിനജലം ഒഴുകി നിരവധി കിണറുകളിൽ വ്യാപിച്ചിരിക്കുകയാണ്. നൂറോളം കിണറുകളിലെ വെള്ളമാണ് മലിനീകരിക്കപ്പെട്ടിരിക്കുന്നത്. മലിനജലം മറ്റ് കിണറുകളിലേയ്ക്കും പ്രദേശങ്ങളിലേയ്ക്കും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. മലിനജലം ഉപയോഗിച്ചതിന്റെ ഫലമായി ചർമ്മ രോഗം ഉൾപ്പടെയുള്ള ജലജന്യ രോഗങ്ങൾ പ്രദേശവാസികൾക്ക് പിടിപെട്ടിരിക്കുകയാണ്. ജനങ്ങൾ അങ്ങേയറ്റം ഭയവിഹ്വലരായാണ് അവിടെ കഴിഞ്ഞുകൂട്ടുന്നത്. ആരോഗ്യ വകുപ്പ് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതോടൊപ്പം ഈ മലിനജലം കൂടുതൽ കിണറുകളിലേയ്ക്കും പ്രദേശങ്ങളിലേയ്ക്കും വ്യാപിക്കുന്നത് തടയേണ്ടതായിട്ടുണ്ട്. ജനവാസ കേന്ദ്രത്തിലെ ഈ മാലിന്യ പ്ലാന്റ് അടച്ചുപൂട്ടി മറ്റ് സ്ഥലത്തേയ്ക്ക് മാറ്റി

സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ജനങ്ങൾ നേരിടുന്ന അസഹനീയമായ ഈ സാഹചര്യത്തിൽ പ്രതിഷേധിച്ചുകൊണ്ട് രാമന്തളി പ്രദേശത്തുള്ള ജനങ്ങൾ ഒന്നടങ്കം പ്രക്ഷോഭത്തിലാണ്. ഇന്ന് നാവിക അക്കാദമി ഗേറ്റിലേയ്ക്ക് ജനങ്ങളുടെ പ്രതിഷേധ മാർച്ച് സംഘടിപ്പിക്കുകയാണ്. ഈ മാലിന്യ പ്രശ്നം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ ഉപക്ഷേപത്തിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഏഴിമല നാവിക അക്കാദമി സ്ഥിതി ചെയ്യുന്ന ഏരിയയിൽ ഏകദേശം നാലായിരത്തോളം ആളുകൾ അധിവസിക്കുന്നു. ഇവരുടെ വാസകേന്ദ്രങ്ങളിൽ നിന്നുള്ള സീവേജ്, മറ്റ് സ്രോതസ്സുകളിൽനിന്നുള്ള മലിനജലം എന്നിവ അക്കാദമിയോട് ചേർന്നുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിച്ചാണ് സംസ്കരിക്കുന്നത്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ അക്കാദമിയിലും പരിസരത്തും ഇതുസംബന്ധിച്ച് വിശദമായ പിരശോധന നടത്തുകയുണ്ടായി.

ഈ പ്ലാന്റ് പരിശോധനാസമയം മുഴുവൻ പ്രവർത്തനക്ഷമമായിരുന്നു. സംസ്കരിച്ച മലിനജലം പൂന്തോട്ടങ്ങൾ, പരേഡ് ഗ്രൗണ്ട് എന്നിവിടങ്ങളിൽ പൂർണ്ണമായും ഉപയോഗിക്കുന്നുണ്ടെന്നും മറ്റുതരത്തിൽ ഒഴുകിപ്പോകുന്നില്ലെന്നും അക്കാദമി അധികൃതർ അറിയിച്ചു. മലിനജല സംസ്കരണ പ്ലാന്റിൽനിന്ന് വിവിധ ഘട്ടങ്ങളിലുള്ള സാമ്പിളുകൾ പരിശോധനയ്ക്കയച്ചിട്ടുണ്ട്. പ്ലാന്റിന് പൂർണ്ണതോതിലുള്ള സംസ്കരണ സംവിധാനമുള്ളതായി കണ്ടില്ല. പ്ലാന്റിന്റെ ഇത്തരത്തിലുള്ള പ്രവർത്തന സംവിധാനം അനുയോജ്യമല്ല. ജല അതോറിറ്റി നടത്തിയ പഠനങ്ങളിൽ സമീപത്തുള്ള കിണറുകളിൽ കോളിഫോമിന്റെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. അത്തരത്തിലുള്ള വിവിധ പ്രശ്നങ്ങൾ രാമന്തളിയിലെ ജനങ്ങൾ അനുഭവിക്കുന്നുണ്ട്. അക്കാദമിയുടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നുള്ള മലിനജലമാണോ സമീപത്തെ കിണറുകളിലെ കോളിഫോമിന്റെ സാന്നിദ്ധ്യത്തിന് കാരണമെന്നറിയുന്നതിന് വിശദമായ ഹൈഡ്രോ ജിയോളജിക്കൽ പഠനങ്ങൾ ആവശ്യമായിവരും. മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിട്ടുള്ള ചില നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലെന്ന പ്രശ്നവും നിലനിൽക്കുന്നുണ്ട്. ബോർഡിന്റെ അനുമതി കൂടാതെയാണ് പ്ലാന്റ് പ്രവർത്തിക്കുന്നത്. അതിനാൽ നേവൽ അക്കാദമി അധികൃതർക്ക് ബോർഡ്

കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്.

(2) ഭൂമിയുടെ പോക്കുവരവ്

ശ്രീ. കെ. ബാബു. : സർ, പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലും എന്റെ നിയോജകമണ്ഡലത്തിലെ പതിനഞ്ച് വില്ലേജോഫീസുകളിലും ഉൾപ്പെടെ സംസ്ഥാനമൊട്ടാകെ എടുത്ത് പരിശോധിച്ചാൽ പതിനായിരക്കണക്കിന് പേർക്ക് കാലാകാലങ്ങളിൽ റവന്യൂ പുറമ്പോക്ക്, തരിശ് ഭൂമി, മിച്ചഭൂമി, ഇപ്പോൾ സീറോ ലാന്റിലും അതുപോലെതന്നെ അസൈൻമെന്റിൽ ഉൾപ്പെടുത്തിക്കൊണ്ട് നിരവധിപേർക്ക് ഭൂമിപതിച്ച് നൽകി പട്ടയമുണ്ടെങ്കിലും വില്ലേജ് ആഫീസുകളിൽ ഭൂമിയുടെ കരം അടയ്ക്കുന്നതിനോ അവർക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനോ പോയാൽത്തന്നെ നിലവിലുള്ള വില്ലേജ് ബി.ടി.ആർ.-ൽ സർക്കാർ പുറമ്പോക്കെന്ന് രേഖപ്പെടുത്തിയതുകൊണ്ട് പട്ടയം ലഭിച്ച പാവപ്പെട്ടവർക്ക് യാതൊരു വിധത്തിലുള്ള നീതിയും ലഭിക്കാത്ത അവസ്ഥയാണുള്ളത്. ഇത്തരക്കാർ ഫോറം നമ്പർ VIII-മായി വില്ലേജ് ആഫീസുകളിലേയ്ക്കുള്ള പോക്ക് മാത്രമാണ് നടക്കുന്നത്, പക്ഷേ വില്ലേജോഫീസിൽനിന്നുള്ള വരവ് നടക്കുന്നില്ല. അതുകൊണ്ട് ഇത്തരക്കാർക്ക് പോക്കുവരവ് ചെയ്ത് കിട്ടാനാവശ്യമായ

നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. മറ്റൊന്ന് പട്ടയം കൈവശമുള്ളവർക്കും നിലവിലുള്ള കൈവശക്കാർക്കും ഈ ഭൂമി സർവ്വേ ചെയ്ത് പുതിയ പ്ലോട്ട് സ്കെച്ച് തയ്യാറാക്കി കൊടുക്കണം. എന്നാൽ നിലവിലുള്ളത് 1960-ലെ പ്ലോട്ട് സ്കെച്ചാണ്. വില്ലേജ് ആഫീസുകളിൽ ചെന്നാൽ അവരോട് പറയുന്നത് പ്ലോട്ട് സ്കെച്ച് കൊണ്ടുവന്നാലെ ഇത് നടക്കുവെന്നാണ്. ഈ പാവപ്പെട്ടവർക്ക് എവിടെനിന്നാണ് 1960-ലെ പ്ലോട്ടഡ് സ്കെച്ചിന്റെ രേഖകൾ ലഭിക്കുന്നത്? അതുകൊണ്ട് പുതിയ സർവ്വേ നടത്തി നിലവിൽ കൈവശമുള്ളവർക്ക് 1960-ലെ പ്ലോട്ടഡ് സ്കെച്ചിന്റെ രേഖകൾ വില്ലേജ് ആഫീസുകൾ മുഖാന്തരം ലഭ്യമാക്കുകയോ അതുപ്രകാരം ബി.ടി.ആർ,-ൽ സർക്കാർ അല്ലെങ്കിൽ പുറമ്പോക്ക് എന്നെഴുതിയത് മാറ്റി പാവപ്പെട്ടവർക്ക് മുഴുവൻ കൈവശരേഖയോ കരമടയ്ക്കുന്നതിനാവശ്യമായ നടപടികളോ അടിയന്തരമായി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, കേരള ഭൂപരിഷ്കരണ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച്

അർഹരായവർക്ക് പതിച്ചുകൊടുക്കുന്ന മിച്ചഭൂമികളുള്ള പോക്കുവരവ് ചട്ടങ്ങൾ പ്രകാരം പോക്കുവരവ് ചെയ്തുകൊടുക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല. താലൂക്ക് ലാന്റ് ബോർഡ് ഉത്തരവ് പ്രകാരം മിച്ചഭൂമിയായി ഏറ്റെടുക്കുന്ന ഭൂമിയിൽ വിതരണത്തിനനുയോജ്യമായ മിച്ചഭൂമി സീലിംഗ് റൂൾ XXVII പ്രകാരം ഭൂരഹിത കർഷകത്തൊഴിലാളിക്ക് വിതരണം ചെയ്യുന്നതിന് ലാന്റ്ബോർഡിന്റെ പൊതുവായ നിയന്ത്രണത്തിലും നിർദ്ദേശത്തിന്മേലും ജില്ലാ കളക്ടർമാർ കേരള സീലിംഗ് റൂൾസിലെ ഫോറം നമ്പർ XVI പ്രകാരമുള്ള നോട്ടീസ് പ്രസിദ്ധപ്പെടുത്തി ഫോറം നമ്പർ XVII പ്രകാരം അപേക്ഷകൾ സ്വീകരിച്ച് അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരായ അപേക്ഷകരെ തെരഞ്ഞെടുത്ത് മിച്ചഭൂമി വിതരണം ചെയ്തുവരുന്നു. ഇപ്രകാരം മിച്ചഭൂമി പതിച്ച് നൽകി പട്ടയം കൊടുക്കുകയും തുടർന്ന് റവന്യൂ റെക്കോർഡുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നു. ......(ബഹളം)......

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിൽനിന്നും എഴുന്നേറ്റ് സ്പീക്കറുടെ ഡയസ്സിനുസമീപം വന്നുനിന്ന് മുദ്രാവാക്യംവിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി.സ്പീക്കർ : പ്രതിഷേധം അതിരുകടക്കരുത്...

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, കേരള ഭൂമി പതിവ് നിയമവും ചട്ടവും പ്രകാരം പതിച്ച് നൽകിയിട്ടുള്ള പുറമ്പോക്ക് ഭൂമിക്ക് പട്ടയപ്രകാരം പോക്കുവരവ് ചെയ്യാവുന്നതാണ്. ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം വ്യക്തികൾക്കോ കുടുംബങ്ങൾക്കോ കൃഷി, ഭവനനിർമ്മാണം അയൽ വസ്തുവിന്റെ ഗുണകരമായ അനുഭവം എന്നീ ആവശ്യങ്ങൾക്ക് സർക്കാർ ഭൂമി പതിച്ച് നൽകുന്നുണ്ട്. ഇതുസംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

(3) ചെക്ക് ഡാം നിർമ്മാണം

ഡോ. എൻ. ജയരാജ് : സർ, എന്റെ നിയോജകമണ്ഡലത്തിലെ നെടുങ്കുന്നം, കറുകച്ചാൽ, കങ്ങഴ ഗ്രാമപഞ്ചായത്തുകളിൽ ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയുള്ള വെള്ളം പമ്പ് ചെയ്യുന്നത് മണിമലയാറ്റിലെ കുളത്തൂർമൂഴിയിൽനിന്നാണ്. കഴിഞ്ഞ ദിവസങ്ങളിൽ കുളത്തൂർമൂഴിയിൽ ഒരുതുള്ളി വെള്ളംപോലും ഇല്ലാത്തതുകാരണം പമ്പിംഗ് നടക്കുന്നില്ലെന്ന് മാത്രമല്ല തൊട്ടടുത്തുള്ള കയത്തിൽനിന്ന് വെള്ളം പമ്പ് ചെയ്ത് പമ്പ് ഹൗസിനടുത്ത് എത്തിച്ചിട്ട് താൽക്കാലിക ചെക്ക് ഡാം പോലെ

നിർമ്മിച്ചിട്ടാണ് വെള്ളം പമ്പ് ചെയ്യേണ്ടിവന്നത്. ഞാൻ നാലാം തവണയാണ് കുളത്തൂർമൂഴിയിലെ കെട്ടിടവുമായി ബന്ധപ്പെട്ട് സബ്മിഷൻ ഉന്നയിക്കുന്നത്. അങ്ങയുടെ നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്തിനെക്കൂടി കണക്ക് ചെയ്യുന്നതാണ് യഥാർത്ഥത്തിൽ ഈ പദ്ധതി. പക്ഷേ വർഷങ്ങളായി ഈ ആവശ്യമുന്നയിച്ചിട്ടും ഇതുവരേയും പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. ഈ മൂന്ന് പഞ്ചായത്തുകളിൽ ശുദ്ധജലം എത്തിക്കണമെങ്കിൽ കുളത്തൂർമൂഴിയിൽ അടിയന്തരമായി ചെക്ക് ഡാം നിർമ്മിക്കാനുള്ള നടപടിയുണ്ടാവണം. ആദ്യം ഇതുമായി ബന്ധപ്പെട്ട് ഒരു ചെക്ക് ഡാം പണിയുന്നതിനുള്ള നടപടി ആരംഭിച്ചെങ്കിലും അതിന്റെ ഡിസൈനിൽ മാറ്റം വരുത്തിക്കൊണ്ടുള്ള നടപടികളുമായി മുന്നോട്ടുപോയതുകൊണ്ടാണ് അത് നടക്കാതെ പോയത്. ഈ സാഹചര്യത്തിൽ കുളത്തൂർമൂഴിയിൽ അടിയന്തരമായി ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ വിനയപൂർവ്വമായ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ....(ബഹളം).......

മി.സ്പീക്കർ : ഇതൊന്നും മര്യാദയല്ല ചെയ്യുന്നത്. ലോകം മുഴുവൻ കാണുന്നുണ്ട്. ....(ബഹളം)....... പ്രതിപക്ഷ നേതാവേ, ഇതെല്ലാം അങ്ങയുടെ അനുമതിയോടുകൂടിയാണോ?

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ മാത്യു റ്റി. തോമസ്</u>) : സർ, മണിമലയാർ, അച്ചൻകോവിലാർ, വാമനപുരം നദി എന്നിവിടങ്ങളിൽ ജലത്തിന്റെ സാന്നിദ്ധ്യം വളരെ കുറവാണ്. മണിമലയാറിന്റെ കുറുകെ കുളത്തൂർമൂഴി പാലത്തിൽ ഏകദേശം 500 മീറ്റർ താഴ്ഭാഗത്തായി ചെക്ക് ഡാം നിർമ്മിക്കാനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഐ.ഡി.ആർ.ബി.-യിൽ നിന്നും ഡിസൈൻ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 79 മീറ്റർ നീളത്തിലും രണ്ട് മീറ്റർ ഉയരത്തിലും 1.2 മീറ്റർ വീതിയിലുള്ള ആറ് വെന്റ്സ് ഉൾപ്പെടുത്തി ചെക്ക് ഡാം നിർമ്മിക്കുന്നതിന് 325 ലക്ഷം രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്. ചെക്ക് ഡാം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലത്ത് മണ്ണിടിഞ്ഞ ഭാഗത്ത് ആവശ്യംവേണ്ട സംരക്ഷണഭിത്തിയുടെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി നിലവിൽ വന്നാൽ 255 ഹെക്ടർ സ്ഥലത്ത് ജലം ലഭ്യമാക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഈ പ്രവൃത്തി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി അനുമതിക്കായി ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും വകുപ്പിന് സമർപ്പിച്ചെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം ടി പ്രവൃത്തി നബാർഡ് ആർ.ഐ.ഡി.എഫ്.-XXII-ൽ ഉൾപ്പെടുത്തപ്പെട്ടില്ല. നദികളിലെ ജലദൗർലഭ്യം പരിഹരിക്കാൻ യുക്തമെന്ന്

കാണുന്ന എല്ലാ സ്ഥലങ്ങളിലും ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ വ്യത്യസ്ത പദ്ധതികളിൽപ്പെടുത്തി സ്വീകരിക്കുവാൻ സർക്കാർ ശ്രമിച്ചുവരികയാണ്. .....(ബഹളം).......

മി. സ്പീക്കർ : സഭയുടെ നടപടിക്രമങ്ങളെക്കുറിച്ചും സഭയിലെ പ്രതിഷേധത്തെക്കുറിച്ചും പുതിയ അംഗങ്ങൾക്ക് അജ്ഞതയുണ്ടാകാം. ആ അജ്ഞത അവസാനിപ്പിക്കാൻ നേതൃത്വം ഇടപെടണം.

(4) ആശാ വർക്കർമാരുടെ ഓണറേറിയം

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, ആശാ വർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സബ്മിഷനാണ് ഞാൻ ഉന്നയിക്കുന്നത്. സംസ്ഥാനത്തെ ആയിരക്കണക്കിന് ആശാ വർക്കർമാർ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരവസ്ഥ നമുക്കെല്ലാപേർക്കുമറിയാം. അവർക്കിപ്പോൾ ഓണറേറിയമായി ലഭിക്കുന്നത് 1,500/- രൂപയാണ്. അവർ എല്ലാ ദിവസവും രാവിലെ വീടുവീടാന്തരം കയറിയിറങ്ങി അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടേയും ഗർഭിണികളുടേയും ആരോഗ്യപരിപാലനത്തെപ്പറ്റി അന്വേഷിക്കുകയും അവരെ ഗവൺമെന്റ് ആശുപത്രികളിൽ കൊണ്ടുപോയി കുത്തിവയ്പ്പ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ സജീവമായി

ഇടപെടുകയും ചെയ്യുന്നവരാണ് ആശാ വർക്കർമാർ. അവർക്ക് മാസംതോറുമുള്ള മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് കിട്ടുന്ന നൂറ് രൂപയും അഞ്ച് കുട്ടികൾക്ക് ഒരുമിച്ച് കുത്തിവയ്പ്പെടുപ്പിച്ചാൽ ലഭിക്കുന്ന ഇരുപത് രൂപയും ഒഴികെ മറ്റ് ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. സംസ്ഥാനത്തെ സാക്ഷരതാ പ്രേരക്മാർക്ക് പതിനായിരം രൂപവച്ച് ഓണറേറിയം വർദ്ധിപ്പിച്ചപ്പോഴും ആശാ വർക്കർമാരെ അവഗണിച്ചു. എല്ലാ ദിവസവും വീടുകൾ കയറിയിറങ്ങേണ്ടതുണ്ട്. ഗർഭിണികളായ സ്ത്രീകളെ ഗവൺമെന്റ് ആശുപത്രികളിൽ കൊണ്ടുപോയി അഡ്മിറ്റാക്കി പ്രസവം കഴിഞ്ഞാൽമാത്രമേ ഇവർക്ക് ലഭിക്കേണ്ട ആനുകൂല്യം അനുവദിക്കാറുള്ളൂ. എന്നാൽ അവർ സ്വകാര്യ ആശുപത്രികളിൽ ചികിത്സതേടി പോകുന്നതിനാൽ പലപ്പോഴും ആ തുക കിട്ടാറുമില്ല. അതോടൊപ്പംതന്നെ ക്ഷയരോഗ ബാധിതരായ ആളുകളെ കണ്ടെത്തി അവർക്ക് മരുന്നുൾപ്പെടെ കൊടുത്ത് അസുഖം ഭേദമായാൽ മാത്രമേ ആനുകൂല്യങ്ങൾ നൽകാറുള്ളൂ. ഇങ്ങനെ വളരെ തുച്ഛമായ വേതനത്തിനാണ് ആശാ വർക്കർമാർ അവരുടെ ജോലികൾ നിർവ്വഹിക്കുന്നത്. അതുകൊണ്ട് ആശാ വർക്കർമാരെ ക്ലാസ് ഫോർ ജീവനക്കാരായി അംഗീകരിച്ചുകൊണ്ടും അവർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും നൽകി, മിനിമം വേതനം

പതിനെണ്ണായിരം രൂപയായി വർദ്ധിപ്പിച്ച് അവരുടെ വിഷയങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആശാ വർക്കേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ ഇന്ന് നിയമസഭാ മാർച്ച് നടത്തുകയാണ്. അതുകൊണ്ട് ഈ വിഷയത്തിൽ അനുഭാവപൂർവ്വമായ സമീപനം സ്വീകരിച്ചുകൊണ്ട് അവരുടെ ഓണറേറിയം പതിനെണ്ണായിരം രൂപയായി വർദ്ധിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: വെല്ലിലിറങ്ങി പ്രതിഷേധിക്കുന്നത് ഇങ്ങനെയല്ല. പരിധി വിടരുത്. പ്രതിഷേധം പ്രകടിപ്പിക്കാനുള്ള പ്രതിപക്ഷത്തിന്റെ മര്യാദവിട്ട, മാന്യതവിട്ട നിലപാട് ശരിയല്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുൾപ്പെടെയുള്ള പ്രതിപക്ഷാംഗങ്ങളെ ഓർമ്മപ്പെടുത്തുകയാണ്. വെല്ലിലിറങ്ങി പ്രതിഷേധിക്കുന്നത് ഇങ്ങനെയല്ല. ദയവായി ചെയറിനെ മറച്ചുകൊണ്ടുള്ള സമ്മർദ്ദപരിപാടി അവസാനിപ്പിക്കണം. ദയവായി അവസാനിപ്പിക്കണം. ....(ബഹളം)................

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സമൂഹത്തെ ആരോഗ്യ സേവനങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുക, ദുർബലവിഭാഗങ്ങൾക്ക് അർഹമായ അവകാശങ്ങൾ

നേടിയെടുക്കാൻ അവരെ സഹായിക്കുക, ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ അവരോടൊപ്പം പ്രവർത്തിക്കുക മുതലായവയാണ് ആശാപ്രവർത്തകരുടെ പ്രധാന ഉത്തരവാദിത്വം. 2007 മുതൽ കേരളത്തിൽ നടപ്പിലാക്കിവരുന്ന ഈ പദ്ധതിയിൽ 26526 ആശാ പ്രവർത്തകർ പ്രവർത്തിച്ചു വരുന്നുണ്ട്. 2011-12-ലെ ബഡ്ജറ്റിൽ ആശാ വർക്കർമാർക്ക് 300 രൂപ പ്രതിമാസ ഓണറേറിയമാണ് നൽകിയിരുന്നത്. പിന്നീട് ഓരോ മാസവും 100 രൂപ വീതമാണ് ആശാ പ്രവർത്തകരുടെ ഓണറേറിയത്തിൽ വർദ്ധനവുണ്ടായിട്ടുള്ളത്. 2015-16-ൽ 1,000 രൂപയായിരുന്നത് 2016-17-ൽ ഈ ഗവൺമെന്റ് വന്നപ്പോഴാണ് 500 രൂപ കൂടി വർദ്ധിപ്പിച്ച് 1,500 രൂപയായി ഓണറേറിയം ഉയർത്തിയത്. ഇതാദ്യമായാണ് 500 രൂപ ആശാ വർക്കർമാരുടെ ഓണറേറിയത്തിൽ വർദ്ധനവുണ്ടാക്കിയിട്ടുള്ളത്. ആശാ വർക്കർമാർക്ക് പ്രതിമാസം ഓണറേറിയം 1,500 രൂപ നൽകുന്ന ഇനത്തിൽ 48.74 കോടി രൂപ ഗവൺമെന്റ് ചെലവാക്കുകയും ചെയ്തിട്ടുണ്ട്. 2016 നവംബർ വരെയുള്ള ഓണറേറിയം ആശാ വർക്കർമാർക്ക് നൽകിയിട്ടുണ്ട്. ആശാ വർക്കർമാരുടെ ഇൻസെന്റീവ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഈ ഗവൺമെന്റ് ഗൗരവമായിട്ടുള്ള തീരുമാനത്തിലേയ്ക്ക് എത്തുകയാണ്. അവരുടെ ഡ്യൂട്ടിയും

പ്രവർത്തന മേഖലയുമുൾപ്പെടെ റീ-ഡിസൈൻ ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി അവരുടെ ഇൻസെന്റീവിൽ കാര്യമായ മാറ്റമുണ്ടാക്കുന്നതിനുള്ള തീരുമാനം ഗവൺമെന്റ് എടുക്കുകയാണ്. അതോടൊപ്പംതന്നെ ആശാ വർക്കർമാരെ കൂടുതൽ ആവശ്യമായ മേഖലയിൽ നിശ്ചയിക്കുന്നതിന് ആവശ്യമായ സമീപനവും സ്വീകരിക്കുന്നതാണ്. ഈ മേഖലയിൽ കൃത്യമായി പ്രവർത്തിക്കുന്ന ആശാ വർക്കർമാരെ നിലനിർത്തിക്കൊണ്ട് അവരുടെ ഇൻസെന്റീവിൽ കാര്യമായ മാറ്റമുണ്ടാക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ആശാ വർക്കർമാർക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. അവരുടെ പ്രവൃത്തി സമയവും മറ്റു കാര്യങ്ങളും റീ-ഡിസൈൻ ചെയ്യുന്നതിന്റെ ഭാഗമായി കുറെക്കൂടി ആനുകൂല്യങ്ങൾ ആശാ വർക്കർമാർക്ക് നൽകാൻ കഴിയുമെന്നാണ് ഗവൺമെന്റിന് പറയാനുള്ളത്.

(5) <u>തൊഴിലില്ലായ്മ വേതനം</u>

<u>ശ്രീ. എം. സ്വരാജ്</u>: ബഹുമാനപ്പെട്ട സ്പീക്കർ കേരളത്തിലെ വിവിധ ക്ഷേമപെൻഷനുകൾ കാലവിളംബം കൂടാതെ വിതരണം ചെയ്യുന്നതിനും അതുപോലെ തന്നെ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും തീർത്തും

അഭിനന്ദനീയമായ ശ്രമമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടത്തിയിട്ടുള്ളത്. എന്നാൽ പലപ്പോഴും ഈ കൂട്ടത്തിൽ പരിഗണിക്കപ്പെടാതെ പോകുന്ന ഒരു വിഭാഗമാണ് കേരളത്തിലെ തൊഴിൽരഹിതരും അഭ്യസ്തവിദ്യരുമായ ചെറുപ്പക്കാർ. അവരെ സംബന്ധിച്ചിടത്തോളം ഇത് ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ്. മുൻകാലങ്ങളിൽ ഏകദേശം മൂന്നുലക്ഷത്തോളം യുവതീ-യുവാക്കൾക്ക് തൊഴിലില്ലായ്മ വേതനം ലഭിച്ചിരുന്നു എന്നതാണ് ലഭ്യമായ വിവരം. എന്നാൽ തൊഴിലുറപ്പ് പദ്ധതി വന്നതിനുശേഷം അത് ഒന്നേമുക്കാൽ ലക്ഷമായി കുറഞ്ഞതായി പറയപ്പെടുന്നു. എന്നാൽ ഇപ്പോഴും അർഹരായ പലർക്കും തൊഴിലില്ലായ്മ വേതനം ലഭിക്കുന്നില്ല. ഇതിന് കാരണം നിശ്ചയിക്കപ്പെട്ട വരുമാന പരിധിയായ 12,000 രൂപയിൽ താഴെയാണ് വാർഷിക വരുമാനം എന്ന വരുമാന സർട്ടിഫിക്കറ്റ് നൽകാൻ വില്ലേജ് ഓഫീസർമാർ തയ്യാറാകുന്നില്ല എന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിന് സാധിക്കുമെങ്കിലും ചില ഉദ്യോഗസ്ഥർ ആ ചുമതലയിൽനിന്ന് ഒഴിഞ്ഞുമാറുകയും വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് ആവശ്യപ്പെടുകയും ചെയ്യുന്നുണ്ട്. 12,000 രൂപയിൽ താഴെയാണ് വാർഷിക വരുമാനമെന്ന സർട്ടിഫിക്കറ്റ് ലഭിക്കുക എന്നത് പൊതുവിൽ

ബുദ്ധിമുട്ടാണെന്ന് നമുക്കറിയാവുന്നതാണ്. ഇക്കാരണംകൊണ്ട് തൊഴിലില്ലായ്മ വേതനം ലഭ്യമാകാതെ പോകുന്നു. യഥാർത്ഥത്തിൽ കാലാനുസൃതമായി ഈ തുക വർദ്ധിപ്പിക്കേണ്ടതും പരമാവധി അർഹരായ യുവതീ-യുവാക്കൾക്ക് തൊഴിലില്ലായ്മ വേതനം ലഭ്യമാക്കേണ്ടതും അത്യാവശ്യമാണ്. നിലവിലുള്ള തൊഴിലില്ലായ്മ വേതനം 120 രൂപയാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഈ ആധുനികകാലത്ത് എല്ലാ ക്ഷേമപെൻഷനുകളും കാലാനുസൃതമായി വർദ്ധിപ്പിക്കുന്ന ഒരു സമീപനം വച്ചുപുലർത്തുമ്പോൾ തൊഴിലില്ലായ്മ വേതനത്തിന്റെ കാര്യത്തിലും അക്കാര്യം പരിഗണിക്കാൻ സാധിക്കണം. അർഹരായ മുഴുവൻ ആളുകൾക്കും തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതിനുവേണ്ടി വരുമാനപരിധിയുടെ കാര്യത്തിൽ കാലാനുസൃതമായ മാറ്റമുണ്ടാകണം. 120 രൂപ എന്ന തൊഴിലില്ലായ്മ വേതനം തൊഴിലില്ലാത്ത യുവതീ-യുവാക്കളെ സംബന്ധിച്ചിടത്തോളം ചിന്തിക്കാനാകാത്ത ഏറ്റവും ചുരുങ്ങിയ തുകയാണെന്ന് പ്രത്യേകമായി പറയേണ്ട കാര്യമില്ല. അതിനാൽ മറ്റ് ക്ഷേമപെൻഷനുകൾപോലെ പ്രസ്തുത തുകയും വർദ്ധിപ്പിച്ച് വിതരണം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷന്റെ ഭാഗമായി അഭ്യർത്ഥിക്കാനുള്ളത്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, 28-05-1998-ൽ പുറപ്പെടുവിച്ച കേരള തൊഴിൽരഹിത വേതന പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങൾ ജി.ഒ.(പി) നം. 23/98/എൽ.ബി.ആർ. പ്രകാരം തൊഴിൽ രഹിത വേതനത്തിന് അപേക്ഷിക്കുന്നതിനുള്ള അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 12,000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം നിശ്ചയിച്ച് ഗുണഭോക്താക്കളെ കണ്ടെത്തി വേതനം വിതരണം ചെയ്യുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ്. മേൽ ചട്ടം നിലവിൽ വന്ന് ഏതാണ്ട് 20 വർഷത്തോളമായ സാഹചര്യത്തിൽ 12,000 രൂപ എന്ന വരുമാന പരിധി നിജപ്പെടുത്തി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വരുമാന പരിധിയിൽ കാലാനുസൃതമായ മാറ്റംവരുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. നിലവിൽ പ്രതിമാസം 120 രൂപയാണ് തൊഴിൽ രഹിതവേതനമായി വിതരണം നടത്തുന്നത്. ഈ തുകയിൽ കഴിഞ്ഞ 17 വർഷമായി വർദ്ധനവ് വരുത്തിയിട്ടില്ല. തൊഴിൽരഹിത വേതനത്തിന്റെ പ്രതിമാസ നിരക്ക് വർദ്ധിപ്പിക്കുന്ന വിഷയം നിലവിലെ സാമ്പത്തിക സ്ഥിതികൂടി

കണക്കിലെടുത്ത് സർക്കാർ പരിശോധിക്കുന്നതാണ്. നാളിതുവരെയുള്ള കുടിശ്ശികവേതനം കൊടുത്തു തീർക്കുന്നതിന്റെ ഭാഗമായി ആഗസ്റ്റ് 2016 മുതൽ ഫെബ്രുവരി 2017 വരെയുള്ള 7 മാസത്തെ തൊഴിൽരഹിത വേതനം വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമം പൂർത്തിയായിട്ടുണ്ട്.

(6) കായികതാരങ്ങൾക്ക് നിയമനം

ശ്രീ. ടി. വി. രാജേഷ് : സർ, സ്പോർട്സ് നിയമനങ്ങൾക്കുള്ള കാലതാമസം ഒഴിവാക്കുന്നതിന് സർക്കാർ മാതൃകാപരമായ നിലപാട് സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കേരളത്തിലെ സ്പോർട്സിന്റെ കുതിപ്പിന് ഒട്ടേറെ ഭാവനാപൂർണ്ണമായ പദ്ധതികൾ കേരള സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള കാലയളവിലുള്ള ഒരൊഴിവും ഇതുവരെയും നികത്തപ്പെട്ടിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്പോർട്സ് ക്വാട്ട നിയമനങ്ങൾ നടത്താൻ ഒരു നടപടിയും ഉണ്ടാകാത്തത് ദു:ഖകരമായ കാര്യമാണ്. കേരളം ആതിഥേയത്വം വഹിച്ച ദേശീയ ഗെയിംസ് കഴിഞ്ഞിട്ട് രണ്ടുവർഷമായി. മെഡൽ നേടിയ താരങ്ങൾക്ക് സർക്കാർ ജോലി നൽകുമെന്നുള്ള വാഗ്ദാനവും ഇതുവരെയും നടപ്പിലായിട്ടില്ല. വ്യക്തിഗത

ഇനങ്ങളിലും അതുപോലെ ടീം ഇനങ്ങളിലും സ്വർണ്ണം നേടിയവർക്ക് ജോലി നൽകുമെന്നാണ് അന്നത്തെ ഗവൺമെന്റും അന്നത്തെ സ്പോർട്സ് മന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും പ്രഖ്യാപിച്ചത്. എന്നാൽ ആ വാഗ്ദാനം ഇതുവരെയും പാലിച്ചിട്ടില്ല. ദേശീയ ഗെയിംസിൽ സ്വർണ്ണം നേടിയിട്ടുള്ള രണ്ടുപേർക്കുമാത്രമാണ് നിയമനം നൽകിയിട്ടുള്ളത്. അടുത്ത ഗെയിംസ് 2017-ൽ പൂനെയിൽവച്ച് നടക്കാൻ പോകുകയാണ്. മറ്റു സംസ്ഥാനങ്ങൾ സ്പോർട്സ് താരങ്ങൾക്ക് മികച്ച ജോലിയും അതുപോലെ സമ്മാനങ്ങളും പ്രോത്സാഹന സമ്മാനങ്ങളുമായി മുന്നോട്ടുപോകുമ്പോഴാണ് കേരളത്തിലെ സ്പോർട്സ് താരങ്ങൾക്ക് ഇത്തരമൊരു അവഗണനയുണ്ടാകുന്നത്. അതുകൊണ്ടുതന്നെ സ്പോർട്സ് ക്വാട്ട നിയമനങ്ങളിൽ കാലതാമസം വരാതിരിക്കാൻ ഓൺലൈൻവഴി അപേക്ഷ സ്വീകരിച്ച് പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി യഥാസമയം നിയമനം നടത്തും എന്ന് ഉറപ്പുവരുത്തണം. അതോടൊപ്പം ദേശീയ ഗെയിംസിൽ സ്വർണ്ണമെഡൽ നേടിയ കേരളത്തിലെ അഭിമാന താരങ്ങൾക്ക്, സർക്കാർ വാഗ്ദാനം നല്കിയതും കഴിഞ്ഞ സർക്കാർ ആ കാര്യത്തിൽ വാഗ്ദാനം പാലിക്കാത്തതുംകൂടി കണക്കിലെടുത്ത്, എത്രയുംവേഗം നിയമനം നടത്താൻ സത്വര നടപടി സ്വീകരിക്കണമെന്ന് ബഹുമാന്യനായ

സ്പോർട്സ് മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ) : സർ, സംസ്ഥാന ടീമിന്റെ മികച്ച പ്രകടനം കണക്കിലെടുത്ത് 35-ാം ദേശീയ ഗെയിംസിൽ വ്യക്തിഗത ഇനങ്ങളിൽ മെഡൽ നേടിയതും ടീമിനങ്ങളിൽ മെഡൽ നേടിയതുമായ താരങ്ങൾക്ക് എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിനായി പ്രസ്തുത തസ്തികയുടെ 68 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. എ ഗ്രേഡ് നേടിയ താരങ്ങൾക്ക് പ്രസ്തുത തസ്തികയിൽ നിയമനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഗെയിംസിൽ സ്വർണ്ണമെഡൽ നേടുകയും ഒളിമ്പിക്സ് നിലവാരത്തിലുള്ള പ്രകടനം കാഴ്ചവയ്ക്കുകയും ചെയ്ത ശ്രീ. സജൻ പ്രകാശ്, ശ്രീമതി എലിസബത്ത് സൂസൻ കോശി എന്നിവർക്ക് ഗസറ്റഡ് തസ്തികയായ ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിൽ ആഭ്യന്തര വകുപ്പ് നിയമനം നടത്തിയിട്ടുണ്ട്. കൂടാതെ ടീമിനങ്ങളിൽ വെള്ളി, വെങ്കലം മെഡലുകൾ നേടിയിട്ടുള്ള 83 കായിക താരങ്ങൾക്ക് ലാഭത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിമനങ്ങൾ നടത്തുന്നത് സംബന്ധിച്ച് സർക്കാർ

പരിശോധിച്ചുവരികയാണ്. ഇതുസംബന്ധിച്ച് എന്റെ സാന്നിദ്ധ്യത്തിൽതന്നെ പ്രത്യേകം യോഗംചേർന്ന് വേഗത്തിൽത്തന്നെ നടപടികൾ സ്വീകരിച്ചുവരികയാണ്. 35-ാമത് ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിനുവേണ്ടി ഒളിമ്പിക്സ് നിലവാരത്തിലുള്ള പ്രകടനം കാഴ്ചവച്ച കുമാരി അനിൽഡ തോമസ്, കുമാരി അനു ആർ. എന്നിവർക്ക് നിയമനം നൽകുന്നതിനായി വനം വന്യജീവി വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിന് 04.03.2016-ന് ഉത്തരവായിട്ടുണ്ട്. ഇവർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ ഭരണ വകുപ്പ് സ്വീകരിച്ചുവരികയാണ്. സ്പോർട്സ് ക്വാട്ട നിയമന പദ്ധതിപ്രകാരം 2010-14 വരെയുള്ള കലണ്ടർ വർഷത്തിലെ 289 ഒഴിവുകളിലേയ്ക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചുകൊണ്ട് ഈ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും അപ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിച്ച് കരട് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പ്രത്യേക സെൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ പൊതുഭരണ വകുപ്പ് സ്വീകരിച്ചുവരികയുമാണ്. മൗണ്ടനീയറിംഗ്, കളരിപ്പയറ്റ് എന്നീ ഇനങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മാന്വലായി അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു. 2015-16 എന്നീ വർഷങ്ങളിലെ ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങൾ നടത്താനുള്ള നടപടികളും ഉടൻതന്നെ ആരംഭിക്കുന്നതാണ്.

(8) കാരുണ്യ ചികിത്സാ പദ്ധതി

ശ്രീ. മോൻസ് ജോസഫ് : കാരുണ്യ ചികിത്സാ പദ്ധതി സ്തംഭനാവസ്ഥയിലായിരിക്കുന്ന സ്ഥിതിവിശേഷം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി കേരള കോൺഗ്രസ്സ് (എം) അടിയന്തര പ്രമേയ നോട്ടീസ് നൽകിയിട്ടുണ്ടായിരുന്നു. യു.ഡി.എഫ്. - ന് അടിയന്തര പ്രമേയം അനുവദിച്ച സാഹചര്യത്തിൽ കേരള കോൺഗ്രസ് (എം) ന് ഈ പ്രശ്നം ഉന്നയിക്കാൻ സബ്മിഷനിലൂടെ അവസരം നൽകിയതിനെ ബഹുമാനപ്പെട്ട സ്പീക്കർക്ക് ഞാൻ നന്ദി പ്രകടിപ്പിക്കുകയാണ്.

കാരുണ്യ ഭാഗ്യക്കുറിയിലൂടെ ലഭിക്കുന്ന ലാഭത്തിലൂടെ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിനായി യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ബഹുമാന്യനായ മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണിസാർ ബഡ്ജറ്റിലൂടെ കൊണ്ടുവന്ന് നടപ്പാക്കിയ കാരുണ്യ പദ്ധതി ഇന്ന് സ്തംഭനാവസ്ഥയിലായിരിക്കുകയാണ്. ഇതുമൂലം കേരളത്തിലെ പാവപ്പെട്ടവരും സാധാരണക്കാരുമായ രോഗികൾ വളരെ

പ്രയാസത്തിലായിരിക്കുകയാണ്. കാരുണ്യ ചികിത്സാ പദ്ധതിയുടെ പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ പദ്ധതി നടപ്പാക്കിയ മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി സാർ ഇന്ന് സെക്രട്ടേറിയറ്റ് പടിക്കൽ ഉപവാസം അനുഷ്ഠിക്കുകയാണ്. ബഹുമാന്യനായ മുൻ ധനകാര്യ വകുപ്പുമന്ത്രിയും കേരള കോൺഗ്രസ് (എം)-ന്റെ നിയമസഭാകക്ഷി നേതാവും നിയമസഭയിൽ അൻപത് വർഷം പൂർത്തീകരിച്ച ശ്രീ. കെ. എം. മാണി സാർ സെക്രട്ടേറിയറ്റ് പടിക്കൽ ഇന്ന് രാവിലെ ഒൻപതു മണി മുതൽ വൈകുന്നേരംവരെ നടത്തുന്ന ഉപവാസത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് മുൻ മന്ത്രിമാരും പാർട്ടിയുടെ എം.എൽ.എ.മാരുമായ ശ്രീ. പി. ജെ. ജോസഫും ശ്രീ. സി. എഫ്. തോമസും ഉൾപ്പെടെ മുഴുവൻ സംസ്ഥാന നേതാക്കളും സെക്രട്ടേറിയറ്റ് പടിക്കൽ കാരുണ്യ ചികിത്സാ പദ്ധതി സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഉപവാസത്തിൽ പങ്കുചേരുകയാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലും ഈ പ്രശ്നം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. കാരുണ്യ പദ്ധതി തുടരുമെന്നും ഗവൺമെന്റ് ഈ പദ്ധതി സംരക്ഷിക്കുമെന്നുമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അന്ന് മറുപടി പറഞ്ഞത്. പക്ഷേ, കേരളമൊട്ടാകെ

കാരുണ്യ പദ്ധതി സ്തംഭനാവസ്ഥയിലാവുകയാണ് അനുഭവത്തിലൂടെ സംഭവിച്ചത്. പാവപ്പെട്ട ആളുകൾക്ക് വലിയ ആശ്വാസമായി നിൽക്കുന്ന കാരുണ്യ പദ്ധതി നടപ്പാക്കാൻ തയ്യാറാകുമെന്ന് പറഞ്ഞിട്ടും ഇതിന്റെ ആനുകൂല്യം ലഭിക്കാതെ രോഗികൾ പ്രയാസം അനുഭവിക്കുകയാണ്. ക്യാൻസർ, ഹൃദ്രോഗം, ഹീമോഫീലിയ തുടങ്ങിയ പണച്ചെലവുള്ള രോഗങ്ങൾക്ക് ചികിത്സ നടത്താൻ കാരുണ്യ പദ്ധതിയിലൂടെ ജനങ്ങൾക്ക് വലിയ ഒരു ആശ്വാസമാണ് കിട്ടിയിരുന്നത്. കാരുണ്യ പദ്ധതിക്കുവേണ്ടി ഏർപ്പെടുത്തിയിരുന്ന ലോട്ടറി കൊണ്ടുവരുമ്പോൾ 500 കോടി രൂപയാണ് ഉണ്ടായിരുന്നത്. ഒരു വർഷംകൊണ്ട് 5,000 കോടി രൂപയായി വർദ്ധിച്ചു. ഈ പദ്ധതിയിലൂടെ കേരളത്തിലെ ജനങ്ങൾക്ക് കിട്ടിയ വലിയ ഒരു ആനുകൂല്യം നിലനിർത്തണമെന്ന ആവശ്യമാണ് ഞങ്ങൾ ഉന്നയിക്കുന്നത്. പാർട്ടിയുടെ കേരള കോൺഗ്രസ്സിന്റെ നേതാവും കാരുണ്യ പദ്ധതി നമ്മുടെ സഭയിൽ കൊണ്ടുവന്ന് കേരളത്തിൽ നടപ്പാക്കിയ ബഹുമാന്യനായ മുൻധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിസാറിന്റെ നേതൃത്വത്തിൽ ഈ പദ്ധതി സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സെക്രട്ടേറിയറ്റ് പടിക്കൽ ഒരു ഉപവാസ സമരം ഇന്ന് ആരംഭിച്ചത് നാളെ ഒരു അനിശ്ചിതകാല സമരമായി

മാറ്റാൻ ഞങ്ങൾ നിർബന്ധിതരാകുകയാണ്. അതിലേയ്ക്ക് കൊണ്ടുപോകാതെ ഗവൺമെന്റ് ഈ പദ്ധതി സംരക്ഷിക്കണം. കാരുണ്യ പദ്ധതിയുടെ കഴുത്തറുക്കുകയാണ് എന്നുള്ളതാണ് മാധ്യമങ്ങളിൽ വന്ന റിപ്പോർട്ട്. ഗൗരവമായി ഗവൺമെന്റ് ഈ പ്രശ്നത്തെ കരുതണം. ഇത് പാവപ്പെട്ട രോഗികളുടെ പ്രശ്നമാണ്. ഇത് കണക്കിലെടുത്തുകൊണ്ട് കാരുണ്യപദ്ധതി തുടർന്നുകൊണ്ടുപോകാനും ഇന്നുള്ള അനിശ്ചിതാവസ്ഥ പരിഹരിക്കുവാനും ഗവൺമെന്റ് ആത്മാർത്ഥമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണിസാർ എന്തോ ഒരു തെറ്റിദ്ധാരണയിൽ ഇങ്ങനെ സത്യാഗ്രഹം ഇരിക്കേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. കാരുണ്യ പദ്ധതിയെ സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ വർഷം 250 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഇത് ഞാൻ വകയിരുത്തിയതല്ല. ശ്രീ. ഉമ്മൻ ചാണ്ടി നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ വകയിരുത്തിയ 250 കോടി രൂപ റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിൽ രണ്ട് വിഭാഗത്തിലുള്ള

ആശുപത്രികളാണ് വരുന്നത് - സ്വകാര്യ ആശുപത്രികളും സർക്കാർ ആശുപത്രികളും. സ്വകാര്യ ആശുപത്രികളിൽ ചികിത്സിക്കുന്ന രോഗികൾ ചികിത്സയുടെ ബിൽ ഹാജരാക്കുമ്പോഴാണ് പണം കൊടുക്കുന്നത്. രണ്ടാഴ്ച മുമ്പ് പരിശോധിച്ചപ്പോൾ 25 കോടി രൂപയാണ് അവർക്ക് കൊടുക്കാനുള്ള ആകെ കുടിശ്ശിക എന്നാണ് മനസ്സിലായത്. അത് പൂർണ്ണമായി നല്കുന്നതിനുവേണ്ടി 100 കോടി രൂപ അവസാനം റിലീസ് ചെയ്ത തുകയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ ആശുപത്രികൾക്കുള്ള കുടിശ്ശിക കൊടുത്തുതീർത്തു എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. സർക്കാർ ആശുപത്രികളിൽ ചികിത്സ പണം കൊടുത്താലേ ചെയ്യുകയുള്ളൂ എന്നില്ല, ആരു ചെന്നാലും ചികിത്സ നൽകുന്നുണ്ട്. അതുകൊണ്ട് കുടിശ്ശിക എത്രയുണ്ടെന്നു പറയാൻ കഴിയില്ല. 130 കോടി രൂപയുടെ ബില്ലുകൾ ഉൾപ്പെട്ട യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുമാത്രമേ ഹാജരാക്കിയിട്ടുള്ളൂ. തുടക്കംമുതൽ കണക്കുകൾ വയ്ക്കുന്നതിൽ പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് സർക്കാർ ആശുപത്രികളിലെ കണക്കുകൾ അടിയന്തരമായി കമ്പ്യൂട്ടറൈസ് ചെയ്ത് എത്രയാണ് യഥാർത്ഥ ചികിത്സയ്ക്ക് ആവശ്യമായിട്ടുള്ള തുകയെന്നു കണക്കാക്കി ഇനി എത്ര കൊടുക്കാനുണ്ടെന്ന് പരിശോധന നടത്തികൊണ്ടിരിക്കുകയാണ്. അതുകൊണ്ട്

കാരുണ്യ പദ്ധതിയിൽ ഈ പറയുന്ന രീതിയിലുള്ള ഒരു സ്തംഭനാവസ്ഥ ഇല്ല. ഇതൊരു തെറ്റിദ്ധാരണ മാത്രമാണ്. ഇനി ഭാവിയിൽ എന്ത് എന്ന് ചോദിച്ചു കഴിഞ്ഞാൽ കാരുണ്യ പദ്ധതിയിൽ രണ്ടുലക്ഷം രൂപയേ പരമാവധി കൊടുക്കുന്നുള്ളൂ എന്ന് സമ്മതിക്കേണ്ടിവരും. 32 ലക്ഷം രൂപയുടെ ലിവർ ട്രാൻസ്പ്ലാന്റേഷന് രണ്ടുലക്ഷം രൂപയേ അനുവദിക്കുകയുള്ളൂ, സൗജന്യ ചികിത്സയല്ല. ഈ പറയുന്ന രോഗങ്ങൾക്കൊക്കെ സൗജന്യ ചികിത്സ നൽകുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനം നാളെ ഒരുക്കിക്കഴിയുമ്പോൾ ഇതുംകൂടി സംയോജിപ്പിക്കുമെന്നാണ് പറഞ്ഞത്. ഇതൊരു പുതിയ കാര്യമല്ല. 2010-ലെ ശ്രീ. കെ. എം. മാണിസാറിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ തന്നെ പറഞ്ഞിട്ടുള്ള കാര്യമാണ് അവധാനതയോടെ അത് ചെയ്യുകയുള്ളൂവെന്ന്. കാരണം ഒരുപാട് തയ്യാറെടുപ്പുകൾ എടുക്കേണ്ടതായിട്ടുണ്ട്. ഈ പറയുന്ന മാറാരോഗങ്ങൾക്കുള്ള സമ്പൂർണ്ണ ചികിത്സാ സമ്പ്രദായങ്ങൾ നമ്മുടെ സംസ്ഥാനത്ത് ടെർഷ്യറി സെക്ടറിൽ മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഇന്ന് കാരുണ്യ പദ്ധതി മാത്രമല്ല സർക്കാരിന്റെ മറ്റ് സഹായ പദ്ധതികൾക്കൊന്നും മുമ്പുണ്ടായിരുന്ന അവസ്ഥയിൽനിന്നും ഒരു മാറ്റവും വരുത്തുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. ......(ബഹളം)......

<u>മി. സ്പീക്കർ</u> : സഭാനടപടികൾ അല്പസമയത്തേയ്ക്ക് താൽക്കാലികമായി നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 11.30-ന് സഭ അല്പസമയത്തേയ്ക്ക് നിർത്തിവച്ചു.)